# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

**അടിയന്തിര ചോദ്യം** - 1 **30-07-2015** - ൽ മറുപടി നൽകേണ്ടത്

## ഹയർ സെക്കന്ററി ടീച്ചേഴ്സ് ഹാന്റ് ബുക്ക് അച്ചടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി.എസ്. സുനിൽ കുമാർ | | ശ്രീ.പി.കെ.അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) | |
| (എ) | സി. ആപ്റ്റിന്റെ ചുമതലയിൽ ഹയർ സെക്കന്ററി കോഴ്സിലെ ടീച്ചേഴ്സ് ഹാന്റ് ബുക്ക് അച്ചടിക്കുവാനുള്ള ടെണ്ടർ നടപടി പൂർത്തിയായിട്ടുണ്ടോ; | (എ) | പൂർത്തിയായിട്ടുണ്ട്. |
| (ബി) | ടെണ്ടർ ക്ഷണിച്ചത് എന്നാണെന്ന് വ്യക്തമാക്കാമോ; | (ബി) | 16-06-2015 -ലാണ് ടെണ്ടർ ക്ഷണിച്ചത്. |
| (സി) | ടെണ്ടർ സമർപ്പിക്കേണ്ടിയിരുന്ന അവസാന തീയതിയും ടെണ്ടർ തുറന്ന ദിവസവും എന്നായിരുന്നുവെന്ന് വ്യക്തമാക്കാമോ; | (സി) | ടെണ്ടർ സമർപ്പിക്കേണ്ടിയിരുന്ന അവസാന തീയതി 22.06.2015 ഉം ടെണ്ടർ തുറന്ന ദിവസം 24/06/2015-ഉം ആയിരുന്നു. |
| (ഡി) | എത്ര കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തുവെന്നും ഏതൊക്കെ കമ്പനികളായിരുന്നുവെന്നും ഏത് കമ്പനിക്കാണ് ടെണ്ടർ ലഭിച്ചതെന്നും വ്യക്തമാക്കാമോ; | (ഡി) | രണ്ട് കമ്പനികൾ ടെണ്ടറിൽ പങ്കെടുത്തു. M/s സോളാർ ഓഫ് സെറ്റ് പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, തിരുവനന്തപുരം, M/s മണിപ്പാൽ ടെക്നോളജി ലിമിറ്റഡ്, മണിപ്പാൽ എന്നീ രണ്ട് കമ്പനികളാണ് ടെണ്ടർ സമർപ്പിച്ചിരുന്നത്. സി-ആപ്റ്റിന്റെ വിവിധ ടെണ്ടറുകൾ പരിശോധിക്കുന്നതിനു വേണ്ടി നിയുക്ത |

| | | | |
|---|---|---|---|
| | | | മായിട്ടുള്ള ടെണ്ടർ ഇവാല്യുയേഷൻ കമ്മിറ്റി ടി ടെണ്ടറുകൾ പരിശോധിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത M/s സോളാർ ഓഫ് സെറ്റ് പ്രിന്റേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്, മുമ്പ് 2014-15 ൽ ഹയർ സെക്കന്ററി പാഠപുസ്തക അച്ചടിയുമായി ബന്ധപ്പെട്ട കരാർ വ്യവസ്ഥകൾ ലംഘിക്കുകയും അതുമൂലം പിഴ ഒടുക്കേണ്ടിവന്നതിന്റെയും അടിസ്ഥാനത്തിൽ ഇപ്പോഴത്തെ കരാർ വ്യവസ്ഥകളിലെ ഇനം 19 പ്രകാരം അയോഗ്യരാണെന്ന് കണ്ടെത്തുകയും ചെയ്തു. എന്നാൽ ടെണ്ടർ സമർപ്പിച്ച M/s മണിപ്പാൽ ടെക്നോളജി ലിമിറ്റഡ്, മണിപ്പാൽ ക്വാട്ട് ചെയ്ത തുക സോളാർ ഓഫ് സെറ്റ് പ്രിന്റേഴ്സ് ക്വാട്ട് ചെയ്ത തുകയെക്കാളും 23,86,874.50/- രൂപ കൂടുതലായതിനാൽ ടി കമ്പനിക്ക് കരാർ നൽകുന്നത് സംബന്ധിച്ച് ടെണ്ടർ ഇവാല്യുയേഷൻ കമ്മിറ്റിക്ക് വ്യക്തമായ തീരുമാനം എടുക്കുവാൻ സാധിച്ചില്ല. ഈ സാഹചര്യത്തിൽ മേൽ വിഷയത്തിൽ തീരുമാനമെടുക്കുന്നതിനായി ആയത് ഡിപ്പാർട്ട്മെന്റൽ പർച്ചേഴ്സ് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വേണ്ടി സമർപ്പിക്കുവാൻ തീരുമാനിക്കുകയും ആയതിലേക്കുള്ള കുറിപ്പ് മാനേജിംഗ് ഡയറക്ടർ, സി-ആപ്റ്റ് 29-06-2015 ൽ സർക്കാരിൽ |

| | | | |
|---|---|---|---|
| | | | സമർപ്പിക്കുകയും ചെയ്തു.<br><br>01-07-2015 -ന് പർച്ചേഴ്സ് കമ്മിറ്റി കൂടുവാൻ ഉന്നത വിദ്യാഭ്യാസ വകുപ്പ് സെക്രട്ടറി നിർദ്ദേശിച്ചിരുന്നുവെങ്കിലും പ്രസ്തുത കുറിപ്പിനോടൊപ്പം ഡിപ്പാർട്ട്മെന്റൽ പർച്ചേഴ്സ് കമ്മിറ്റിയോഗത്തിന് പരിശോധിക്കേണ്ട അവശ്യരേഖകളായ ടെണ്ടർ നോട്ടിഫിക്കേഷന്റെ പകർപ്പ്, ടെണ്ടർ പ്രസിദ്ധീകരിച്ച പ്രമുഖ ദിനപത്രങ്ങളുടെ പ്രസക്ത ഭാഗം, ഭരണാനുമതി നൽകിയ ഉത്തരവ്, വർക്ക് ഓർഡർ എന്നിവ എം.ഡി. സി.ആപ്റ്റ് ലഭ്യമാക്കിയിരുന്നില്ല എന്നിരുന്നാലും ടി വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഡിപ്പാർട്ട്മെന്റൽ പർച്ചേഴ്സ് കമ്മിറ്റി മെമ്പർമാരുടെ സൌകര്യാർത്ഥം 08-07-2015 -ൽ ഡി.പി.സി. കൂടുകയുണ്ടായി.<br><br>പ്രസ്തുത ഡിപ്പാർട്ട്മെന്റൽ പർച്ചേഴ്സ് കമ്മിറ്റി യോഗത്തിൽ മാനേജിംഗ് ഡയറക്ടർ, സി-ആപ്റ്റ് റിപ്പോർട്ട് ചെയ്ത കാര്യങ്ങളും ടെണ്ടർ ഇവാല്യുയേഷൻ കമ്മിറ്റിയുടെ നിരീക്ഷണങ്ങളും വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററി കോഴ്സിലെ ടീച്ചേഴ്സ് ഹാന്റ് ബുക്ക് അച്ചടി സംബന്ധിച്ച് M/s |

| | | | |
|---|---|---|---|
| | | | മണിപ്പാൽ ടെക്നോളജി ലിമിറ്റഡുമായി കൂടിയാലോചന നടത്തി സോളാർ ഓഫ് സെറ്റ് പ്രിന്റേഴ്സ് ലിമിറ്റഡ് ക്വാട്ട് ചെയ്തുതുകയ്ക്ക് ടി ജോലി മണിപ്പാൽ ടെക്നോളജീസിനെ കൊണ്ട് ചെയ്യിക്കുവാൻ വേണ്ടിയുള്ള ശ്രമങ്ങൾ നടത്തുവാൻ എം.ഡി.യെ ചുമതലപ്പെടുത്തി. പ്രസ്തുത കൂടിയാലോചന പരാജയപ്പെട്ടാൽമാത്രം റീ-ടെണ്ടർ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. ഡിപ്പാർട്ട്മെന്റൽ പർച്ചേസ് കമ്മിറ്റിയുടെ പ്രസ്തുത തീരുമാനപ്രകാരം M/s മണിപ്പാൽ ടെക്നോളജി ലിമിറ്റഡുമായി സി ആപ്റ്റ്, മാനേജിംഗ് ഡയറക്ടർ കൂടിയാലോചന നടത്തുകയും സോളാർ ഓഫ് സെറ്റ് പ്രിന്റേഴ്സ് ലിമിറ്റഡ് ക്വാട്ട് ചെയ്ത തുകയ്ക്ക് ടി ജോലി ഏറ്റെടുക്കാൻ മണിപ്പാൽ ടെക്നോളജി ലിമിറ്റഡ് കമ്പനി സമ്മതിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഹയർസെക്കന്ററി കോഴ്സിലെ ടീച്ചേഴ്സ് ഹാന്റ് ബുക്ക് പ്രിന്റ് ഓർഡർ 16/072015 ന് M/s മണിപ്പാൽ ടെക്നോളജി ലിമിറ്റഡിന് നൽകുകയും ചെയ്തു. |
| (ഇ) | ടെണ്ടർ ലഭിക്കുന്ന കമ്പനി എത്ര ദിവസത്തിനകം ഹാന്റ് ബുക്ക് പ്രിന്റ് ചെയ്തു നൽകണമെന്നാണ് ടെണ്ടറിൽ വ്യവസ്ഥ | (ഇ) | ടെണ്ടർ ലഭിക്കുന്ന കമ്പനി 10 ദിവസത്തിനകം പ്രിന്റ് ചെയ്തു നൽകണം. |

| | | | |
|---|---|---|---|
| | ചെയ്തിരിക്കുന്നത്; | | |
| (എഫ്) | ടെണ്ടർ ലഭിച്ച കമ്പനിക്ക് പ്രിന്റ് ഓർഡർ നൽകിയിട്ടുണ്ടോ; | (എഫ്) | ഉണ്ട്. |
| (ജി) | എങ്കിൽ എന്നാണ് പ്രിന്റ് ഓർഡർ നൽകിയത്; | (ജി) | 16-07-2015 ന് വൈകിട്ട് 6.10 ന് |
| (എച്ച്) | ഇല്ലെങ്കിൽ എന്തുകൊണ്ടാണ് പ്രിന്റ് ഓർഡർ നൽകാതിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എച്ച്) | ബാധകമല്ല. |
| (ഐ) | ടീച്ചേഴ്സ് ഹാന്റ് ബുക്ക് അച്ചടി പൂർത്തിയാക്കി എന്ന് വിതരണം ചെയ്യുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (ഐ) | എസ്.സി.ഇ.ആർ.ടി യിൽ നിന്നും 41 ഓളം ടൈറ്റിൽസിന്റെ ഫൈനൽ പ്രിന്റ് ഓർഡർ 18-07-2015 ൽ ആണ് മണിപ്പാൽ പ്രസ്സിന് കൈമാറിയത്. അതിനുശേഷം 10 ദിവസത്തിനകം വർക്ക് ഓർഡർ പ്രകാരമുള്ള കോപ്പികൾ വിതരണത്തിനായി 14 ജില്ലാ കേന്ദ്രങ്ങളിൽ ഭാഗികമായി എത്തിച്ചിട്ടുണ്ട്. എന്നാൽ കവർ ഡിസൈനിൽ ഉണ്ടായ തിരുത്തൽ മൂലം രണ്ടുദിവസത്തെ കാലതാമസം ഉണ്ടായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ